# പ്രേമവും കാമവും, പിന്നെ സ്നേഹവും

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

കാമത്തിനാണു കണ്ണില്ലാത്തത് –
പടുകുഴിയും
നീർച്ചുഴിയും
തിരിക്കുഴിയും
തിരിയാത്ത
അന്ധവായന:
നാളും പേരും ഓർമ്മയില്ല –
നാളു നാരങ്ങ, പേരു പേരയ്ക്ക;
വീടും കുടിയും ചോദ്യമില്ല –
വിടനോ കുടിയനോയെന്നു
തിരിച്ചറിയൽ പരേഡില്ല.

ഉഡുപ്പിയിലെ കാമത്തിനു
കണ്ണില്ലെന്നു വിടുവായിടവെ,
കണ്ണടയ്ക്കാതയാൾ
കണ്ണാടികാണാതെ
മൂന്നാംനാൾ കണ്ണടവെച്ചു.

കാമാത്തിപ്പുരത്തിന്റെ
സ്ഥലനാമപ്പുരാണം
ഉറവിടശ്ശങ്കയില്ലാതെ
സാംസ്ക്കാരിക ചർച്ചയായ്
വേദികളിൽ വിഷയം.

ഭാഷാശാസ്ത്രവിചാരം
സ്മാർത്തസ്മൃതിയിൽ
വീണ്ടുവിചാരമില്ലാതുറങ്ങവെ,
മുൻബെഞ്ചിൽ കുണിങ്ങ്യോളുടെ
അതിലോല കാതിലോല
ഒപ്പുകടലാസ്സിൽ കാമമെന്യെ
അനന്യ ചിത്രമെഴുത്തുകലയിൽ

നമുക്കു പ്രേമത്തെ വീണ്ടും
വിചാരണ ചെയ്യാം.

പ്രേമമൊരു പ്രതലശാസ്ത്രവിഷയം:
വസ്ത്രത്തിലെ പുള്ളിയും
മൂക്കിൻപാല ശൈശവ-
സ്റ്റിച്ചിൻ വടുവും
ഗാഥ,ഗീതക,ഖണ്ഡകാവ്യ
വൃത്തഭംഗമില്ലാ പദ്യസപര്യയിൽ
മഹാകാവ്യ സർഗ്ഗംതികഞ്ഞ
കാമമില്ലാ പ്രേമലേഖനം.

ചന്ദ്രതലം കാച്ചിയ പപ്പടക്കളങ്കം
ഭൂമിയിൽ അപ്പോളോയയച്ച
ഗജനെറ്റിപ്പട്ടപ്പാറപ്പോളകൾ;
എങ്കിലും പഴമ്പാട്ടു തുടർക്കഥ:
“... ചന്ദ്രനെപ്പോലെ നിൻമുഖം.”

അതുകൊണ്ടാണേ,
അധുനാതന സരസസങ്കൽപ്പം
ചമ്പുമണിപ്രവാളങ്ങളിൽ
പ്രഘോഷിക്കുന്നത്:
പ്രേമം, ഉപരിതല സ്പർശ്യം;
കാമം, ആഴവും താഴ്ചയും തേടും
അചിന്ത്യ പാഠ്യപദ്ധതി.

കാമവെറി പൂണ്ടോനും
പ്രേമകുറി തീണ്ട്യോളും
ഒത്തുകല്യാണത്തിന്
ഒത്താശ ചെയ്യും
അപഭ്രംശ ചീറ്റൽപ്പൊട്ടലിൽ
കഥയറിയാതെ നടുങ്ങവെ,
നൂതനഭാഷയിൽ
പഴങ്കുപ്പിയിലൊഴിച്ച
തിരുകോടതീന്യായവിധി
ആഴ്ചവട്ട പ്രഭാഷണമാക്കും:

കാമവും പ്രേമവും തോന്നുന്നോൻ
പ്രേമവും കാമവും തോന്നുന്നോളെ
കെട്ടിപ്പിടിച്ചു
പുരാണശിലയിൽ
സ്നേഹമസൃണമാ-
യുമ്മവെച്ചു
പിടിച്ചുകെട്ടുക!
***************************************************